**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3471** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാന തൊഴിലാളികളുടെ കുറ്റകൃത്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാന തൊഴിലാളികൾ കൊലപാതകം ഉൾപ്പെടെയുള്ള ക്രിമിനൽ കുറ്റങ്ങളിൽ ഏർപ്പെടുന്നത് തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ 2021 മുതൽ നാളിതുവരെ നടന്ന ഇത്തരം കുറ്റകൃത്യങ്ങളിൽ എത്ര ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള അതിഥി തൊഴിലാളികളെ സംബന്ധിച്ച വിവരം തൊഴിൽ വകുപ്പിൽ ലഭ്യമല്ല. |
| (ബി) | ഇതര സംസ്ഥാന തൊഴിലാളികൾക്ക് പോലീസ് ക്ലിയറൻസും രജിസ്ട്രേഷനും നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഇല്ല. ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് നിയമം 1979 പ്രകാരം ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള പോലീസ് ക്ലിയറൻസും രജിസ്ട്രേഷനും നിർബന്ധമല്ല. എന്നാൽ തൊഴിൽ വകുപ്പിന്റെ ആവാസ് പദ്ധതി പ്രകാരവും കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരവും അതിഥി പോർട്ടൽ പ്രകാരവും ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികൾ ലഭ്യമാക്കുന്നതിന് രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് Interstate Migrant Workers Welfare Registration Ordinance കൊണ്ടുവരുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. സംസ്ഥാനത്തേയ്ക്ക് ജോലിതേടി എത്തുന്ന എല്ലാ ഇതര സംസ്ഥാന തൊഴിലാളികളെയും രജിസ്റ്റർ ചെയ്യുവാനും ടി തൊഴിലാളികൾക്ക് അർഹതപ്പെട്ട ക്ഷേമപദ്ധതികൾ നൽകുകയുമാണ് ഓർഡിനൻസിന്റെ ലക്ഷ്യം. |
| (സി) | ജോലിക്കായി ഇവരെ കൊണ്ട് വരുന്ന ഏജന്റമാർ, കോൺട്രാക്ടർമാർ എന്നിവർ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ലേബർ കമ്മീഷണർക്കും, പോലീസ് സ്റ്റേഷനിലും റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയാൽ അവർക്കെതിരെ നിയമനടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ; | (സി) | ഇതരസംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി നിലവിലുള്ള 1979-ലെ Interstate Migrant Workers (Regulation of Employment & Conditions of Services) Act പ്രകാരമാണ് ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം, രജിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിലവിൽ ചെയ്ത് |

| | | | |
|---|---|---|---|
| | | | വരുന്നത്. ടി നിയമപ്രകാരം അഞ്ചോ അതിലധികമോ ഇതരസംസ്ഥാന തൊഴിലാളികൾ ഒരു കോൺട്രാക്ടർ മുഖേന ജോലി ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കേണ്ടത് നിർബന്ധമാണ് അതുപോലെ ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികളെ റിക്രൂട്ട് ചെയ്യാനോ നിയമിക്കുവാനോ നിർദ്ദേശിക്കുന്ന ഓരോ കരാറുകാരനും ലൈസൻസും നേടേണ്ടതുണ്ട്. ആയതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നിയമപ്രകാരം നടപടി സ്വീകരിക്കുവാൻ സാധിക്കും. തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യുവാൻ നിയമം അനുശാസിക്കുന്നില്ല. |
| (ഡി) | സംസ്ഥാനത്ത് നിലവിൽ എത്ര ഇതരസംസ്ഥാന തൊഴിലാളികൾ തൊഴിലെടുക്കുന്നുവെന്ന് സംസ്ഥാനം തിരിച്ച് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് ആവാസ് പദ്ധതി പ്രകാരവും, കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരവും, അതിഥി പോർട്ടൽ പ്രകാരവും രജിസ്റ്റർ ചെയ്തിട്ടുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## ആവാസ് പദ്ധതി പ്രകാരവും, കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരവും അതിഥി പോർട്ടൽ പ്രകാരവും രജിസ്റ്റർ ചെയ്തിട്ടുളള ഇതര സംസ്ഥാന തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക്

| ക്രമ നമ്പർ | സംസ്ഥാനം | ആവാസ് പദ്ധതി പ്രകാരം | കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം | അതിഥി പോർട്ടൽ |
|---|---|---|---|---|
| 1. | ആൻഡമാൻ & നിക്കോബാർ ഐലന്റ്സ് | 43 | 5 | 27 |
| 2. | ആന്ധ്രാപ്രദേശ് | 2,168 | 810 | 372 |
| 3. | അരുണാചൽ പ്രദേശ് | 649 | 237 | 321 |
| 4. | അസാം | 87,087 | 29,809 | 19,876 |
| 5. | ബീഹാർ | 51,325 | 17,475 | 17,034 |
| 6. | ചണ്ഡീഗഡ് | 102 | 781 | 27 |
| 7. | ഛത്തീസ്ഗഢ് | 2,318 | 226 | 898 |
| 8. | ഡാമൻ ഡ്യൂ & ദാദ്രാ നാഗർ ഹവേലി | 17 | 6 | 5 |
| 9. | ഡൽഹി | 543 | 197 | 140 |
| 10. | ഗോവ | 31 | 4 | 11 |
| 11. | ഗുജറാത്ത് | 290 | 86 | 47 |
| 12. | ഹരിയാന | 199 | 143 | 48 |
| 13. | ഹിമാചൽ പ്രദേശ് | 142 | 80 | 28 |
| 14. | ജമ്മു & കാശ്മീർ | 413 | 27 | 30 |
| 15. | ജാർഖണ്ഡ് | 27,071 | 9,957 | 9,139 |
| 16. | കർണ്ണാടക | 7,791 | 5,622 | 761 |
| 17. | ലക്ഷദ്വീപ് | 7 | 3 | 4 |
| 18. | മധ്യപ്രദേശ് | 4,571 | 1,499 | 2,076 |
| 19. | മഹാരാഷ്ട്ര | 1,124 | 332 | 248 |
| 20. | മണിപ്പൂർ | 558 | 56 | 331 |
| 21. | മേഘാലയ | 525 | 113 | 243 |
| 22. | മിസോറാം | 85 | 11 | 28 |
| 23. | നാഗാലാന്റ് | 652 | 1,240 | 261 |
| 24. | ഒഡീഷ | 56,245 | 24,588 | 16,895 |
| 25. | പുതുച്ചേരി | 79 | 10 | 11 |
| 26. | പഞ്ചാബ് | 319 | 153 | 28 |
| 27. | രാജസ്ഥാൻ | 2,846 | 1,109 | 414 |
| 28. | സിക്കിം | 106 | 20 | 19 |
| 29. | തമിഴ്നാട് | 36,122 | 5,441 | 5,151 |
| 30. | തെലുങ്കാന | 215 | 35 | 39 |
| 31. | ത്രിപുര | 1,156 | 782 | 432 |
| 32. | ഉത്തർപ്രദേശ് | 19,413 | 6,239 | 5,765 |
| 33. | ഉത്തരാഖണ്ഡ് | 1,125 | 522 | 531 |
| 34. | പശ്ചിമ ബംഗാൾ | 2,10,983 | 57,143 | 34,283 |
| | **ആകെ** | **5,16,320** | **1,64,761** | **1,15,523** |

സെക്ഷൻ ഓഫീസർ.